(സി) സംസ്ഥാനത്തെ കർഷകതൊഴിലാളി ക്ഷാമം പരിഹരിക്കുവാൻ അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം കാര്യമായ പങ്ക് വഹിക്കുന്നു. നിലം ഒരുക്കൽ, മരുന്നുതളി, വിളവെടുപ്പ് എന്നീ കൃഷിപ്പണികൾക്ക് അഗ്രോ സർവ്വീസ് സെന്ററുകളിലെ അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുന്നു. ഇതുവഴി തൊഴിലാളി ക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കും. കൂടാതെ കൃഷിപ്പണിക്ക് ന്യായമായ വാടകയ്ക്ക് യന്ത്രങ്ങൾ നൽകിവരുന്നു.

(ഡി) സംസ്ഥാനത്ത് 14 ജില്ലകളിലായി 2012-13-ൽ ആരംഭിച്ച 35 അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം

147 (3118) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം മണ്ഡലങ്ങളിലാണ് കൃഷിവകുപ്പ് അഗ്രോ സർവ്വീസ് സെന്ററുകൾ അനുവദിച്ചിട്ടുള്ളത് ;

(ബി) ഏതെല്ലാം അഗ്രോ സർവ്വീസ് സെന്ററുകളാണ് നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2012-13-ൽ കൃഷി വകുപ്പ് 35 അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയിട്ടുണ്ട്. അഗ്രോ സർവ്വീസ് സെന്ററുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2012-13 ൽ ആരംഭിച്ച അഗ്രോ സർവ്വീസ് സെന്ററുകൾ എല്ലാം തന്നെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) തെരഞ്ഞെടുത്ത അഗ്രോ സർവ്വീസ് സെന്ററുകളിൽ സോയിൽ ടെസ്റ്റിംഗ് ലാബ് തുടങ്ങുക, നല്ല പ്രവർത്തനം കാഴ്ചവെയ്ക്കുന്ന അഗ്രോ സർവ്വീസ് സെന്ററുകളിൽ ബയോ ഫാർമസി, നഴ്സറി തുടങ്ങുക, ആവശ്യമായ വാഹനങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിക്കുക എന്നിവയാണ് അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ. കൂടാതെ മികച്ച അഗ്രോ സർവ്വീസ് സെന്ററുകളിലെ തൊഴിലാളികൾക്ക് യൂണിഫോം അലവൻസ് നൽകിയിട്ടുണ്ട്.

ധനസഹായ വിതരണം

148 (3119) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് പ്രഖ്യാപിച്ച ധനസഹായം വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ;

(ബി) പ്രസ്തുത ധനസഹായ വിതരണം കാര്യക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് റവന്യൂ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്ന് ജില്ലാ കളക്ടർമാർ മുഖേന തുക ലഭിക്കുന്ന മുറയ്ക്കാണ് കർഷകർക്ക് ധനസഹായം നൽകുന്നത്. ഫണ്ട് ലഭിക്കാൻ കാലതാമസമുണ്ടാകുന്നത് വഴി കർഷകർക്ക് ധനസഹായം ലഭ്യമാക്കാൻ കാലതാമസം നേരിടുന്നുണ്ട്.

(ബി) സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്ന് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കർഷകർക്ക് ധനസഹായം ലഭ്യമാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly